പതിനാലാം കേരള നിയമസഭ

പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 161 10.03.2020-ൽ മറുപടിയ്ക്ക്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ഇ.ടി.ടൈസൺ മാസ്റ്റർ<br>ശ്രീ.ആർ.രാമചന്ദ്രൻ<br>ശ്രീ.കെ.രാജൻ<br>ശ്രീ.എൽദോ എബ്രഹാം | ശ്രീ.പി.തിലോത്തമൻ<br>ഭക്ഷ്യവും, സിവിൽ സപ്ലൈസും<br>വകുപ്പ് മന്ത്രി |

## പൊതുവിതരണ വകുപ്പിലെ വിജിലൻസ് വിഭാഗത്തിന്റെ പ്രവർത്തനം

| | |
|---|---|
| (എ) സിവിൽ സപ്ലൈസ് വകുപ്പിൽ നിലവിലുള്ള വകുപ്പുതല വിജിലൻസ് വിഭാഗത്തിന്റെ പ്രവർത്തനം വിശദീകരിക്കുമോ; | (എ) സിവിൽ സപ്ലൈസ് വകുപ്പിൽ സംസ്ഥാന തലത്തിൽ ഡെപ്യൂട്ടി കൺട്രോളർ തസ്തികയിലുള്ള ഒരു വിജിലൻസ് ഓഫീസറും ഒരു താലൂക്ക് സപ്ലൈ ഓഫീസറും റേഷനിംഗ് ഇൻസ്പെക്ടർമാരും അടങ്ങുന്ന ഒരു വിംഗ് പ്രവർത്തിക്കുന്നു. ടി വിജിലൻസ് വിംഗ് സർക്കാരിൽ നിന്നും സിവിൽ സപ്ലൈസ് കമ്മീഷണർ, സിവിൽ സപ്ലൈസ് ഡയറക്ടർ എന്നിവരിൽ നിന്നും വകുപ്പിലെ ജീവനക്കാർക്കെതിരെ ലഭ്യമാകുന്ന പരാതികളിന്മേൽ അന്വേഷണം നടത്തി റിപ്പോർട്ട് ബന്ധപ്പെട്ട മേലധികാരികൾക്ക് നൽകി തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. കൂടാതെ, ഭക്ഷ്യധാന്യങ്ങളുടെ പൂഴ്ത്തിവെയ്പ്, കരിഞ്ചന്ത തുടങ്ങിയവ തടയുന്നതിന് റെയ്ഡുകളും പരിശോധനകളും നടത്തി വരുന്നു. ഉത്സവ കാലങ്ങളിൽ പൊതുവിപണിയിൽ കൃത്രിമമായി വിലക്കയറ്റം സൃഷ്ടിക്കുന്നത് തടയുന്നതിനു വേണ്ടി വിജിലൻസ് സ്ക്വാഡുകൾ പരിശോധനകൾ നടത്തുകയും നടപടികൾ സ്വീകരിക്കുകയും ചെയ്തു വരുന്നു. റേഷൻ കടകളിലും സപ്ലൈകോ ഇന്റർമീഡിയറി ഗോഡൗണുകളിലും പരിശോധനകൾ നടത്തുകയും ആയത് പ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കുകയും ചെയ്തു വരുന്നു. സർക്കാർ നിർദ്ദേശ പ്രകാരമുള്ള പ്രത്യേക പരിശോധനകളും വിജിലൻസ് വിഭാഗം നടത്തി വരുന്നുണ്ട്.<br>ഇ-പോസ് മെഷീൻ മുഖേനയുള്ള റേഷൻ വിതരണത്തിന്റെ കൃത്യത ഉറപ്പ് വരുത്തുന്നതിനായി മാസം തോറും എല്ലാ താലൂക്കുകളിലെയും തെരഞ്ഞെടുക്കപ്പെടുന്ന ഒരു റേഷൻ കടയിലെ കാർഡുടമകളെ നേരിൽ കണ്ട് മൊഴി രേഖപ്പെടുത്തി, ഇ-പോസ് മെഷീനിലെ വിവരങ്ങളുമായി ഒത്തു നോക്കി താലൂക്ക് സപ്ലൈ ഓഫീസർമാരുടെ നേതൃത്വത്തിൽ ഫീൽഡ് |

| | |
|---|---|
| | പരിശോധന നടത്തുകയും ക്രമക്കേടുകൾ കണ്ടെത്തുന്ന റേഷൻ കടകൾക്കെതിരെ തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. |
| (ബി) ഈ സർക്കാർ നിലവിൽ വന്നതിനുശേഷം പൊതുവിതരണ വകുപ്പിൽ വിജിലൻസ് കണ്ടെത്തിയ ക്രമക്കേടുകൾ എന്തൊക്കെയാണെന്നറിയിക്കാമോ; | (ബി) ഈ സർക്കാർ നിലവിൽ വന്നതിനുശേഷം ലഭ്യമായ പരാതികളുടെ അടിസ്ഥാനത്തിലും മിന്നൽ പരിശോധന നടത്തിയതിലൂടെയും വിവിധതരം ക്രമക്കേടുകൾ റേഷൻ കട ലൈസൻസികൾ ചെയ്തുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പരിശോധനാ വേളയിൽ സ്റ്റോക്കിൽ കാണപ്പെടുന്ന കൂടുതൽ/കുറവ്, അർഹതപ്പെട്ട റേഷൻ വിഹിതം കാർഡുടമകൾക്ക് നൽകാതിരിക്കൽ, കാർഡുടമകളോട് ലൈസൻസികളുടെ മോശമായ പെരുമാറ്റം, നിശ്ചിത പ്രവർത്തന സമയങ്ങളിൽ റേഷൻ കട തുറന്ന് പ്രവർത്തിപ്പിക്കാതിരിക്കൽ, നിശ്ചിത മാതൃകയിലുള്ള ബോർഡുകൾ പ്രദർശിപ്പിക്കാതിരിക്കൽ, കട വൃത്തിയായി സൂക്ഷിക്കാതിരിക്കുക തുടങ്ങിയ ക്രമക്കേടുകളാണ് ഇത്തരത്തിൽ കണ്ടെത്തിയിട്ടുള്ളത്. ഉദ്യോഗസ്ഥരുടെ ഭാഗത്തു നിന്നും ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതിൽ വീഴ്ചയുണ്ടായിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ട്. യഥാസമയം ഉദ്യോഗസ്ഥർ പരിശോധനകൾ നടത്തുന്നതിൽ വീഴ്ച വരുത്തിയതു കാരണം റേഷൻ കട ലൈസൻസികൾ സ്റ്റോക്കിൽ ക്രമക്കേടുകൾ നടത്തിയതായി കണ്ടെത്തിയിട്ടുണ്ട്. |
| (സി) പ്രസ്തുത കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ റേഷൻ കടകൾക്കെതിരെയും ഉദ്യോഗസ്ഥർക്കെതിരെയും സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | (സി) 352 റേഷൻ കടകൾക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 312 റേഷൻ കടകളുടെ ലൈസൻസികളിൽ നിന്ന് പിഴ തുക ഈടാക്കുകയും 40 റേഷൻ കടകളുടെ ലൈസൻസ് താൽക്കാലികമായി റദ്ദാക്കുകയും ചെയ്തിട്ടുണ്ട്.<br>പൊന്നാനി താലൂക്കിലെ അണ്ടത്തോട് സർവ്വീസ് സഹകരണ ബാങ്ക് നടത്തിയിരുന്ന മൊത്ത വ്യാപാര ഡിപ്പോ നം.16-ലെ ക്രമക്കേടുകളെ സംബന്ധിച്ച് അന്വേഷിക്കുന്നതിന് വിജിലൻസ് ഓഫീസറുടെ നേതൃത്വത്തിലുള്ള ഒരു സ്ക്വാഡ് രൂപീകരിക്കുകയും വിശദമായ പരിശോധനയിൽ ഗുരുതരമായ ക്രമക്കേടുകൾ കണ്ടെത്തിയതിനെ തുടർന്ന് 3 ഉദ്യോഗസ്ഥരെ സർവ്വീസിൽ നിന്ന് സസ്പെൻഡ് ചെയ്യുകയും 11 ജീവനക്കാർക്കെതിരെ വകുപ്പുതല അച്ചടക്ക നടപടികൾ സ്വീകരിക്കുകയും ഉണ്ടായി. തിരുവനന്തപുരം സൗത്ത് സിറ്റി റേഷനിംഗ് ഓഫീസിലെ മാനേജരായിരുന്ന ശ്രീ.വാസുദേവൻ നമ്പൂതിരിയ്ക്കെതിരെ ലഭിച്ച പരാതിയിന്മേൽ അന്വേഷണം നടത്തിയതിൻ പ്രകാരം ടിയാനെ സ്ഥലം മാറ്റി അച്ചടക്ക നടപടി സ്വീകരിക്കുകയും കാഞ്ഞിരപ്പള്ളി താലൂക്ക് സപ്ലൈ |

ഓഫീസറായിരുന്ന ശ്രീ.സാബു.കെ.വർഗ്ഗീസിനെതിരെ ലഭിച്ച പരാതിയിന്മേൽ അന്വേഷണം നടത്തിയതിൻ പ്രകാരം ടിയാനെ സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്യുകയും തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്തു. ദേവികുളം താലൂക്ക് സപ്ലൈ ഓഫീസിലെ ജീവനക്കാർക്കെതിരെ ലഭിച്ച പരാതിയിന്മേൽ അന്വേഷണം നടത്തുകയും ടി താലൂക്കിലെ കുറ്റക്കാരായി കണ്ടെത്തിയ ജീവനക്കാരെ സ്ഥലംമാറ്റുകയും ചെയ്തു. തൃശ്ശൂർ താലൂക്കിലെ റേഷനിംഗ് ഇൻസ്പെക്ടറായ ശ്രീ.സതീഷ്കുമാറിനെതിരെ ലഭിച്ച പരാതിയിന്മേൽ അന്വേഷണം നടത്തി വകുപ്പുതല അച്ചടക്ക നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ, സർക്കാർ സിവിൽ സപ്ലൈസ് കമ്മീഷണർ/ സിവിൽ സപ്ലൈസ് ഡയറക്ടർ എന്നിവരിൽ നിന്നും ലഭിക്കുന്ന പരാതികളിന്മേൽ അന്വേഷണം നടത്തി റിപ്പോർട്ടുകൾ സമർപ്പിച്ചിട്ടുണ്ട്.

(ഡി) ഈ സർക്കാർ കാലയളവിൽ സപ്ലൈകോയിലെ വിജിലൻസ് വിഭാഗം കണ്ടെത്തിയ ക്രമക്കേടുകൾ വിശദമാക്കാമോ?

(ഡി) ഈ സർക്കാർ കാലയളവിൽ സപ്ലൈകോ വിജിലൻസ് വിഭാഗത്തിന്റെ പരിശോധനയിൽ ഗുരുതര ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ട്.
(വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു)

സെക്ഷൻ ഓഫീസർ

## അനുബന്ധം

1. **ആലപ്പുഴ ഡിപ്പോ** — ആലപ്പുഴ ഡിപ്പോയിൽ സപ്ലൈകോ വിജിലൻസ് വിഭാഗം നടത്തിയ പരിശോധനയിൽ സ്റ്റോക്ക് വരവ് വെക്കുന്നതിലും, അരി വാങ്ങിയതിലും ക്രമക്കേടുകൾ കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ ആലപ്പുഴ ഡിപ്പോ മാനേജരെയും സ്റ്റോക്ക് കസ്റ്റോഡിയനെയും സസ്പെൻഡ് ചെയ്തിരുന്നു.

2. **നെടുമങ്ങാട് ഡിപ്പോ** — നെടുമങ്ങാട് ഡിപ്പോയിൽ നിർമ്മൽ വടി അരി വാങ്ങിയതായി ടെണ്ടർ ക്ഷണിച്ചതിൽ ക്രമക്കേട് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ നെടുമങ്ങാട് ഡിപ്പോ മാനേജരെ സസ്പെൻഡ് ചെയ്തിരുന്നു.

3. കരുനാഗപ്പള്ളി മാവേലി മെഡിക്കൽ സ്റ്റോർ - ആർ.എസ്.ബി.വൈ സ്കീമുമായി ബന്ധപ്പെട്ട ബില്ലുകളിലും ഡോക്ടറുടെ കുറിപ്പടിയിലും തിരുത്തലുകൾ വരുത്തി ക്രമക്കേട് നടത്തിയതിന് കരുനാഗപ്പള്ളി മാവേലി മെഡിക്കൽ സ്റ്റോറിലെ ഓഫീസർ ഇൻ ചാർജ്ജ്-നെ സസ്പെൻഡ് ചെയ്യുകയും, 4 ഫാർമസിസ്റ്റുകളെ ടെർമിനേറ്റ് ചെയ്യുകയും ചെയ്തിരുന്നു.

4. **ഒതായി മാവേലി സ്റ്റോർ** - ബില്ലുകളിൽ ക്രമക്കേട് നടത്തിയതിനും സബ്സിഡി സാധനങ്ങൾ ദുരുപയോഗം ചെയ്തതിനും ഒതായി മാവേലി സ്റ്റോറിലെ ഓഫീസർ ഇൻ ചാർജ്ജ്-നെ സസ്പെൻഡ് ചെയ്തിരുന്നു.

5. **ഇർഫാൻ അഗ്രോ മിൽ** - മില്ലിന്റെ ഗോഡൗണിൽ സി.എം.ആർ അരിയോടൊപ്പം മറ്റ് ഇനം അരി സൂക്ഷിക്കുകയും ടി കരാർ ലംഘനത്തിന് മില്ലിന്റെ സെക്യൂരിറ്റി ഡെപ്പോസിറ്റ് കണ്ട് കെട്ടുകയും ചെയ്തു.

6. **ചെറുപ്ലശ്ശേരി എൻ.എഫ്.എസ്.എ ഗോഡൗൺ** - ഗവൺമെൻറ് സെക്രട്ടറിയുടെ നിർദ്ദേശ പ്രകാരം സപ്ലൈകോ വിജിലൻസ് വിഭാഗം ചെറുപ്ലശ്ശേരി എൻ.എഫ്.എസ്.എ ഗോഡൗൺ പരിശോധിക്കുകയും സ്റ്റോക്കിൽ കുറവ് കണ്ടെത്തുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഉത്തരവാദികളായ ഡിപ്പോ മാനേജർ, അസിസ്റ്റന്റുമാർക്ക് ബാദ്ധ്യത നിശ്ചയിച്ച് നൽകുകയും, ഇവർക്കെതിരെ അച്ചടക്കനടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

7. **തിരൂർ ഡിപ്പോ** — തിരൂർ ഡിപ്പോയിലെ എൻ.എഫ്.എസ്.എ ട്രാൻസ്പോർട്ടേഷൻ കോൺട്രാക്ടറായ ശ്രീ.മുഹമ്മദ് ഫൈസൽ സപ്ലൈകോ-യുമായി വച്ച കരാറിന് വിപരീതമായി എൻ.എഫ്.എസ്.എ യുമായി ബന്ധപ്പെട്ട് ഭക്ഷ്യധാന്യങ്ങൾ വിതരണം നടത്തുവാൻ ഉദ്ദേശിച്ച വാഹനങ്ങൾ മറ്റ് ആവശ്യങ്ങൾക്കായി ഉപയോഗിച്ചു എന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ സെക്യൂരിറ്റി ഡെപ്പോസിറ്റ് കണ്ട് കെട്ടുവാൻ ഉത്തരവായിട്ടുള്ളതാണ്.

8. **ആറ്റിങ്ങൽ ഡിപ്പോ** — അന്വേഷണത്തിൽ ചൈതന്യ ബ്രാൻഡ് അരിക്ക് പകരം മോശമായ അരി ഔട്ട് ലെറ്റുകളിലൂടെ വിതരണം നടത്തിയതിന് ആറ്റിങ്ങൽ ഡിപ്പോ മാനേജർക്കെതിരെയും ബന്ധപ്പെട്ട ഔട്ട് ലെറ്റ് ഓഫീസർ ഇൻ ചാർജ്ജ്-നെതിരെയും അച്ചടക്കനടപടി സ്വീകരിക്കുവാൻ ശുപാർശ ചെയ്തിട്ടുള്ളതാണ്.

9. **തെക്കേക്കര റൈസ് മിൽ**- തെക്കേക്കര റൈസ് മില്ലിൽ വിജിലൻസ് വിഭാഗം പരിശോധന നടത്തുകയും ഗുണനിലവാരം കുറഞ്ഞ അരി വിതരണം നടത്തിയതിന് ടി മില്ലിനെ കരിമ്പട്ടികയിൽ പെടുത്തുകയും, മില്ലുടമക്കെതിരെ കാലടി പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്.

10. **കാക്കഞ്ചേരി ഗോഡൗൺ**- കാക്കഞ്ചേരി ഗോഡൗണിൽ സപ്ലൈകോ ആട്ടയുമായി ബന്ധപ്പെട്ട ക്രമക്കേടുകൾക്ക് ടി ഗോഡൗണിലെ കസ്റ്റോഡിയനെ സസ്പെൻറ് ചെയ്യുകയും ഡിപ്പോ മാനേജരെ സ്ഥലം മാറ്റുകയും ചെയ്തിരുന്നു.

11. **പോത്തൻകോട് മാവേലി സ്റ്റോർ**- പരിശോധനയിൽ ദിവസവേതന ജീവനക്കാരന്റെ വേതനം വ്യാജ ഹാജർ രേഖ കാണിച്ച് ഡിപ്പോയിൽ നിന്നും കൈപ്പറ്റിയതിന്റെ അടിസ്ഥാനത്തിൽ ടി മാവേലി സ്റ്റോർ ഓഫീസർ ഇൻ ചാർജ്ജ്-നെ സസ്പെൻഡ് ചെയ്തിരുന്നു.

12. **സൂപ്പർ മാർക്കറ്റ്, ഒലവക്കോട്**- 2018-19 ലെ വാർഷിക സ്റ്റോക്ക് പരിശോധനയിൽ കൃത്യമായി സ്റ്റോക്കിന്റെ പരിശോധന നടത്താത്തതിന് സ്റ്റോക്ക് വെരിഫിക്കേഷൻ ഓഫീസർക്കെതിരെ അച്ചടക്കനടപടി സ്വീകരിക്കുകയും സ്ഥലം മാറ്റുകയും ചെയ്തിരുന്നു.

13. **മുട്ടം മാവേലി സ്റ്റോർ**- വിജിലൻസ് വിഭാഗത്തിന്റെ പരിശോധനയിൽ പ്രളയം ബാധിച്ചവർക്ക് നൽകുന്ന കിറ്റുകളിൽ ക്രമക്കേട് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ ടി മാവേലി സ്റ്റോർ ഓഫീസർ ഇൻ ചാർജ്ജ്-നെ സസ്പെൻഡ് ചെയ്യുകയും ചെയ്തിരുന്നു.

14. **വള്ളിക്കാവ് സൂപ്പർ മാർക്കറ്റ്**- വിജിലൻസ് വിഭാഗത്തിന്റെ പരിശോധനയിൽ ദിവസ കളക്ഷൻ ബാങ്കിൽ അടക്കാതിരിക്കുന്നതായും ഡിപ്പോയിൽ നിന്നും വരുന്ന സാധനങ്ങൾ സ്റ്റോക്കിൽ വരവ് വെക്കുന്നില്ല എന്നും കണ്ടതിനെ തുടർന്ന് ടി സൂപ്പർ മാർക്കറ്റിലെ ഓഫീർ ഇൻ-ചാർജ്ജിനെയും അസിസ്റ്റന്റ് സെയിൽസ്മാനെയും സസ്പെൻഡ് ചെയ്തിരുന്നു.

15. **തൃശ്ശൂർ ഡിപ്പോ**— വിജിലൻസ് വിഭാഗത്തിന്റെ പരിശോധനയിൽ ടി ഡിപ്പോയിൽ സാധനങ്ങൾ വരവ് വെക്കുന്നതിലും ഔട്ട് ലെറ്റിലേക്ക് വിതരണം നടത്തിയതിലും ക്രമക്കേടുകൾ കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ ടി ഡിപ്പോയിലെ ഓഫീസർ ഇൻ-ചാർജ്ജിനെ സസ്പെൻഡ് ചെയ്തിരുന്നു.

16. **പെട്രോൾ ബങ്ക്, കോട്ടയം**- കോട്ടയം പെട്രോൾ ബങ്കിൽ വിജിലൻസ് വിഭാഗം പരിശോധിച്ചതിൽ 10 ലക്ഷം രൂപയുടെ ക്രമക്കേട് കണ്ടെത്തുകയും ടി ബങ്കിലെ ഓഫീസർ ഇൻ-ചാർജ്ജ് കഴിഞ്ഞ 5 വർഷമായി വ്യാജ പേരിൽ ദിവസവേതന ജീവനക്കാരുടെ വേതനം അനധികൃതമായി കൈപ്പറ്റുകയാണ് എന്ന് കണ്ടതിന്റെ അടിസ്ഥാനത്തിൽ ടി പെട്രോൾ ബങ്കിലെ ഓഫീസർ ഇൻ ചാർജ്ജ്-നെ സസ്പെൻഡ് ചെയ്യുകയും ചെയ്തിരുന്നു.

17. **എൻ.എഫ്.എസ്.എ ഗോഡൗൺ, ഒറവയ്ക്കൽ** - ഒറവയ്ക്കൽ എൻ.എഫ്.എസ്.എ ഗോഡൗണിലേക്ക് കോട്ടയത്തുള്ള കെ.ഇ.അഗ്രോമില്ലിൽ നിന്നും 260 ബാഗ് അരി ഗോഡൗണിലെത്തിക്കാതെ ട്രാൻസ്പോർട്ടേഷൻ കോൺട്രാക്ടർ കടത്തിയതുമായി ബന്ധപ്പെട്ട് സപ്ലൈകോ വിജിലൻസ് വിഭാഗം അന്വേഷണം നടത്തുകയും അന്വേഷണത്തിൽ ക്രമക്കേട് കണ്ടെത്തുകയും ട്രാൻസ്പോർട്ടേഷൻ കോൺട്രാക്ടറുടെ നിരതദ്രവ്യം (ഇ.എം.ഡി) സെക്യൂരിറ്റി ഡെപ്പോസിറ്റ് എന്നിവ കണ്ടു കെട്ടുവാനും ട്രാൻസ്പോർട്ടേഷൻ ചാർജ്ജ് ഇനത്തിലുള്ള പേയ്മെന്റ് തടഞ്ഞു വെക്കാനും ഉത്തരവായിട്ടുള്ളതാണ്.

18. **തിരുവനന്തപുരം ജില്ലാ ഡിപ്പോ**- സപ്ലൈകോ വിജിലൻസ് തിരുവനന്തപുരം ജില്ലാ ഡിപ്പോയിൽ പരിശോധന നടത്തിയിരുന്നു. അന്വേഷണത്തിൽ 3,53,246.42/- രൂപയുടെ ഗ്ലാക്സോ സ്മിത്ത്ക്ലൈൻ ഉൽപ്പന്നങ്ങളുടെ കുറവ് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ ഇതിന് ഉത്തരവാദപ്പെട്ട തിരുവനന്തപുരം ജില്ലാ ഡിപ്പോ നോൺ മാവേലി കസ്റ്റോഡിയൻ ഉൾപ്പെടെ 7 പേരെ വകുപ്പുതല അച്ചടക്കനടപടിയുടെ ഭാഗമായി സസ്പെൻറ് ചെയ്യുകയും ഫോർട്ട് പീപ്പിൾസ് ബസാറിലെ ജീവനക്കാരനെ വകുപ്പുതല അച്ചടക്കനടപടിയുടെ ഭാഗമായി ജില്ലയ്ക്ക് പുറത്തേക്ക് സ്ഥലം മാറ്റുകയും ചെയ്തിട്ടുള്ളതാണ്.

19. **നെടുമങ്ങാട് ഡിപ്പോ** — ഡിപ്പോയിൽ സ്റ്റോക്ക് കൃത്യമായി അക്കൗണ്ട് ചെയ്യാതെ ഭക്ഷ്യധാന്യങ്ങൾ ഗോഡൗണിൽ സൂക്ഷിച്ച് ഔട്ട് ലെറ്റിലേക്ക് കൃത്യമായി വിതരണം നടത്താതിരുന്നതായി വിജിലൻസ് വിഭാഗം അന്വേഷണത്തിൽ കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ ഡിപ്പോയിലെ മാവേലി കസ്റ്റോഡിയനെ സസ്പെൻഡ് ചെയ്യുകയും മേൽനോട്ട വീഴ്ച്ച് ഡിപ്പോ മാനേജർക്ക് കുറ്റപത്രം നൽകി അച്ചടക്കനടപടി സ്വീകരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

20. **സപ്ലൈകോ ടീ പർച്ചേസ്**- സപ്ലൈകോയിൽ തേയില വാങ്ങിയതുമായി ബന്ധപ്പെട്ട് വിജിലൻസ് വിഭാഗം നടത്തിയ പരിശോധനയിൽ 2019 ജനുവരി മുതൽ 2019 ജൂൺ വരെ സപ്ലൈകോയ്ക്ക് ഏകദേശം 1,56,93,998/- രൂപയുടെ നഷ്ടം കണക്കാക്കിയിട്ടുണ്ട്. ഈ കേസ് നിലവിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ അന്വേഷണ പരിധിയിലാണ്. ഈ ക്രമക്കേടിന് സപ്ലൈകോ ടീ മാനേജരെ സസ്പെൻഡ് ചെയ്യുകയും ദിവസ വേതന ജീവനക്കാരനെ പിരിച്ചു വിടുകയും ചെയ്തിട്ടുണ്ട്. കൂടാതെ 2018 മുതലുള്ള തേയിലയുടെ പർച്ചേസുമായി ബന്ധപ്പെട്ട് വിശദമായ ഓഡിറ്റ് നടന്നു വരുകയാണ്.

21. **കോഴിക്കോട് ഡിപ്പോ-** കോഴിക്കോട് ഡിപ്പോ മാനേജർ ഇൻസന്റീവ് എന്ന പേരിൽ തുക നൽകുവാൻ സപ്ലയറെ പ്രേരിപ്പിക്കുന്നത് സംബന്ധിച്ച പരാതിയിൽ വിജിലൻസ് വിഭാഗം അന്വേഷണം നടത്തുകയും കോഴിക്കോട് ഡിപ്പോ മാനേജരെ സസ്പെൻഡ് ചെയ്യുകയും ചെയ്തിരുന്നു.

22. **തളിപ്പറമ്പ് സൂപ്പർ മാർക്കറ്റ്**- തളിപ്പറമ്പ് സൂപ്പർ മാർക്കറ്റ് ഓഫീസർ ഇൻ ചാർജ്ജ് ഇൻസൻറീവ് എന്ന പേരിൽ തുക നൽകുവാൻ സപ്ലയറെ പ്രേരിപ്പിക്കുന്നതുമായി ബന്ധപ്പെട്ട പരാതിയിൽ അന്വേഷണം നടത്തുകയും അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ടി ഓഫീസർ ഇൻ ചാർജ്ജ് -നെ സസ്പെൻഡ് ചെയ്യുകയും ചെയ്തിരുന്നു.

23. **എട്ടൂർ മാവേലി സ്റ്റോർ-** എട്ടൂർ മാവേലി സ്റ്റോറിൽ ഉപഭോക്താവിന് സബ്സിഡി അരി നൽകാതെ കമ്പ്യൂട്ടർ ബില്ലിൽ പ്രത്യേകം എഴുതി തുക വാങ്ങിയതുമായി ബന്ധപ്പെട്ട് വിജിലൻസ് വിഭാഗം അന്വേഷണം നടത്തുകയും അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ ഓഫീസർ ഇൻ ചാർജ്ജ്-നെ സസ്പെൻഡ് ചെയ്യുകയും ദിവസവേതനജീവനക്കാരിയെ പിരിച്ചു വിടുകയും ചെയ്തു.

24. **അതിരമ്പുഴ മെഡിക്കൽ സ്റ്റോർ-** അതിരമ്പുഴ മെഡിക്കൽ സ്റ്റോറിൽ 1,53,947.70 രൂപയുടെ മരുന്നുകൾ കുറവുള്ളതായി വിജിലൻസ് വിഭാഗത്തിന്റെ അന്വേഷണത്തിൽ കണ്ടതിന്റെ അടിസ്ഥാനത്തിൽ ടി മെഡിക്കൽ സ്റ്റോറിലെ ഫാർമസിസ്റ്റിനെ പിരിച്ചു വിടുകയും ഓഫീസർ ഇൻ ചാർജ്ജ്-ന്റെ കാലഘട്ടം വിശദമായി ഓഡിറ്റ് ചെയ്യുവാൻ നിർദ്ദേശം നൽകിയിരുന്നു.

25. **ചങ്ങനാശ്ശേരി NFSA ഡിപ്പോ-** ചങ്ങനാശ്ശേരി എൻ.എഫ്.എസ്.എ ഡിപ്പോയിൽ വിജിലൻസ് വിഭാഗം നടത്തിയ പരിശോധനയിൽ പ്രളയത്തിൽ നശിച്ച അരി നശിപ്പിച്ച് കളയുകയോ ലേലം ചെയ്ത് ഒഴിവാക്കുകയോ ചെയ്യാതെ ഇപ്പോഴും ഗോഡൗണുകളിൽ സൂക്ഷിച്ച് വച്ച് പ്രൈവറ്റ് ഗോഡൗൺ ഉടമകൾക്ക് ഭീമമായ തുക വാടകയിനത്തിൽ നൽകിയതുമായി ബന്ധപ്പെട്ട അന്വേഷണത്തിൽ ഡിപ്പോ മാനേജരെ സസ്പെൻഡ് ചെയ്തിരുന്നു.

26. **ആലപ്പുഴ വഴിച്ചേരി പെട്രോൾ ബങ്ക് -** ആലപ്പുഴ വഴിച്ചേരി പെട്രോൾ പമ്പിൽ വിജിലൻസ് ഓഫീസർ നടത്തിയ പരിശോധനയിൽ പെട്രോൾ / ഡീസൽ എന്നിവയിൽ 3,29,193.80 രൂപയുടെ കുറവ് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ ഓഫീസർ ഇൻ ചാർജ്ജ്-നെ സസ്പെൻഡ് ചെയ്തിരുന്നു.

27. **അരൂർ സൂപ്പർ മാർക്കറ്റ്-** അരൂർ സൂപ്പർ മാർക്കറ്റിൽ വിജിലൻസ് ഓഫീസർ നടത്തിയ പരിശോധനയിൽ കാലാവധി കഴിഞ്ഞ സാധനങ്ങൾ വിൽപ്പനയ്ക്കായി റാക്കിൽ കണ്ടതിനും മാസം തോറുമുള്ള ശരാശരി വിൽപ്പനയേക്കാൾ കൂടുതൽ സ്റ്റോക്ക് വാങ്ങിയതിനും സ്റ്റോക്കിൽ കണ്ട വ്യത്യാസത്തിനും ഓഫീസർ ഇൻ ചാർജ്ജ്-നെ സസ്പെൻഡ് ചെയ്തിരുന്നു.

28. സപ്ലൈകോ ഔട്ട് ലെറ്റുകളിൽ റേഷൻ കാർഡ് നമ്പർ അനധികൃതമായി ഉപയോഗിച്ച് ഷോപ്പ് മാനേജർമാർ സബ്സിഡി സാധനങ്ങൾ ബില്ലടിച്ച് എടുക്കുന്നു എന്നതുമായി ബന്ധപ്പെട്ട് വിജിലൻസ് വിഭാഗം നടത്തിയ പരിശോധനയിൽ **30** ഔട്ട് ലെറ്റുകളിൽ ഇത്തരത്തിൽ സബ്സിഡി സാധനങ്ങൾ യഥാർത്ഥ കാർഡുടമകൾക്ക് നൽകാതെ ദുരുപയോഗം ചെയ്തതായി കണ്ടെത്തുകയും ടി ഓഫീസർ ഇൻ ചാർജ്ജ്-മാർക്കെതിരെ അച്ചടക്കനടപടി സ്വീകരിക്കുവാനും ദുരുപയോഗം ചെയ്ത സബ്സിഡി സാധനങ്ങളുടെ കമ്പോള വിലയായ **1,60,947/-** രൂപ ടി ഓഫീസർ ഇൻ ചാർജ്ജ്- മാരിൽ നിന്നു ഈടാക്കുവാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ